## പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 ഫെബ്രുവരി 06, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

12(*151) തീരപരിപാലന നിയമത്തിൽ ഇളവുകൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, 18-01-2019-ലെ പുതുക്കിയ തീരദേശ മേഖല നിയന്ത്രണ വിജ്ഞാപനം പ്രകാരം സ്ക്വയർ കിലോമീറ്ററിൽ 2161-ലധികം ആളുകൾ അധിവസിക്കുന്ന CRZ III A മേഖലയിൽ വികസന നിഷിദ്ധ മേഖല എന്നത് വേലിയേറ്റ രേഖയിൽ നിന്നും 50m, വേലിയേറ്റ സ്വാധീനമുള്ള കായൽ, തോട്, നദി മേഖലകളിൽ 50m, കായൽ, ദ്വീപ് പ്രദേശങ്ങളിൽ 20m എന്ന രീതിയിൽ കുറവ് വരുത്തിയിട്ടുണ്ടെന്നും പ്രസ്തുത ഇളവുകൾ ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. തീരപ്രദേശത്തിലെ

ഗൃഹ നിർമ്മാണത്തിന് പ്ലിന്ത് ഏരിയ 100$m^2$ ആയി ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും മേഖലാ പുനർനിർണ്ണയത്തിന് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തീരദേശവാസികൾക്ക് ഇതിന്റെ ഗുണഫലം ലഭ്യമാകുന്നതാണ്. പുതിയ വിജ്ഞാപനമനുസരിച്ച് നിയമാനുസൃതമായി നിശ്ചയിക്കപ്പെട്ട രീതിയിൽ വീടുകൾ പുതുക്കി പണിയാവുന്നതാണെന്നും CRZ മേഖലയിലെ കെട്ടിട നിർമ്മാണത്തിന് മത്സ്യത്തൊഴിലാളികളിൽനിന്നും അധിക നികുതി ഈടാക്കില്ലെന്നും തീരമേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് KCZMA-യുടെ സ്റ്റേറ്റ് കമ്മിറ്റിയിൽനിന്നും ക്ലിയറൻസ് ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി തീരദേശ പരിപാലന അതോറിറ്റിയുടെ ജില്ലാ കമ്മിറ്റികൾക്ക് അധികാരങ്ങൾ വികേന്ദ്രീകരിച്ചു നൽകിയതിലൂടെ 4811 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും നിയമവിരുദ്ധ നിർമ്മാണങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

13(*152 & *157) <u>മാതൃ-ശിശു മരണനിരക്ക് കുറയ്ക്കാൻ നടപടി</u>

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ,

ആരോഗ്യ വകുപ്പ്, ദേശീയ ആരോഗ്യ ദൗത്യം, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, ഐ.എ.പി. (Indian Academy of Paediatrics) എന്നിവ സംയുക്തമായി കെ.എഫ്.ഒ.ജി. (Kerala Federation of Obstetrics and Gynaecology)-യുടെ സാങ്കേതിക സഹകരണത്തോടെ മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ നടപ്പാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. മാതൃ-ശിശുമരണ ഓഡിറ്റ് നടപ്പാക്കുകയും ആരോഗ്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സംസ്ഥാന/ജില്ലാതലങ്ങളിൽ അവലോകന യോഗങ്ങൾ ചേർന്ന് തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മാതൃ-ശിശു ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോട്ടത്തറ ആശുപത്രിയിൽ രണ്ട് ഗൈനക്കോളജിസ്റ്റിനെക്കൂടി നിയമിക്കുകയും ബെഡ് സ്ട്രെങ്ത് 100 ആക്കുകയും ഊരുകളിലെ 18 വയസ്സിനുമുകളിലുള്ള സ്ത്രീകൾക്ക് സൗജന്യ ഹീമോഗ്ലോബിൻ പരിശോധനയ്ക്ക് സൗകര്യമേർപ്പെടുത്തുകയും തൂക്കക്കുറവുള്ള അമ്മമാരെ അഡ്മിറ്റ് ചെയ്ത് സ്പെഷ്യൽ ന്യൂട്രീഷണൽ ഭക്ഷണം നൽകുകയും പ്രസവങ്ങൾ തമ്മിലുള്ള അകലം കൂട്ടുന്നതിനും മാതൃ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുമായി ഫാമിലി പ്ലാനിംഗ് കൗൺസിലിംഗ് നൽകുകയും നവജാത ശിശുക്കളിലെ മെറ്റാബോളിക് അസുഖങ്ങൾ

കണ്ടുപിടിക്കുന്നതിനായി New Born Screening Programme നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ജാതക് ജനനി പദ്ധതി പ്രകാരം ശിശുമരണ നിരക്ക് തത്സമയം മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി അടിസ്ഥാനമാക്കി നടപ്പാക്കിയിട്ടുണ്ടെന്നും അട്ടപ്പാടിയിലെ ശിശുമരണങ്ങൾ സംബന്ധിച്ച് പഠിക്കാൻ യൂണിസെഫിന്റെ സഹായം തേടിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കുഞ്ഞുങ്ങളുടെ വൈകല്യം മുൻകൂട്ടി കണ്ടുപിടിക്കാനുതകുന്ന പരിശീലന ക്ലാസ്സുകൾ, അമ്മമാർക്ക് ബോധവൽക്കരണം, മുലയൂട്ടലിന്റെ പ്രാധാന്യം, IYCF പോഷക വിദ്യാഭ്യാസം, ഫോളിക് ആസിഡ് ഗുളികകളുടെ വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ പ്രഥമ സഹസ്രദിനങ്ങൾ പദ്ധതി മുഖാന്തിരം നടപ്പിലാക്കുകയും ഹൃദ്യം പദ്ധതിയിലൂടെ 804 കുട്ടികൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയ നടത്തുകയും ചെയ്തിട്ടുണ്ട്. വനിത-ശിശു വികസന വകുപ്പ്, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്, കുടുംബശ്രീ എന്നിവർ സംയുക്തമായി അട്ടപ്പാടിയിൽ കമ്മ്യൂണിറ്റി കിച്ചൺ (അന്നപ്രദായിനി) പദ്ധതി നടപ്പാക്കുന്നുണ്ടെന്നും പ്രിമെച്വർ ഡെലിവറി, അബോർഷൻ തുടങ്ങിയവ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും നോർമൽ ഡെലിവറി പ്രോത്സാഹിപ്പിക്കുന്നതിന് ബോധവൽക്കരണം നടത്തുന്നുണ്ടെന്നും

ഗർഭാവസ്ഥ മുതൽ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ഊരുമിത്രം ആശ പദ്ധതി രൂപീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അങ്കണവാടികൾ വഴി അട്ടപ്പാടിയിലെ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾ എന്നിവർക്ക് അനുപൂരക പോഷകാഹാരം നൽകുന്നതോടൊപ്പം കുടിവെള്ള വിതരണവും സുഗമമാക്കിയിട്ടുണ്ട്. ലക്ഷ്യ പദ്ധതിയുടെ ഭാഗമായി പ്രസവ മുറികളും ഓപ്പറേഷൻ തിയേറ്ററുകളും നവീകരിക്കുന്നതിന് 27 ആശുപത്രികൾ തെരഞ്ഞെടുത്തതിൽ 21 എണ്ണത്തിന് ഭരണാനുമതി നൽകുകയും ടെൻഡർ നടപടികൾ പുരോഗമിക്കുകയാണെന്നും തെരഞ്ഞെടുത്ത 10 ആശുപത്രികളിൽ ഹൈ ഡിപ്പൻഡന്റ് യൂണിറ്റുകളുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണെന്നും ഇതിന്റെ ഭാഗമായി പരിശീലന പരിപാടികൾ നടപ്പാക്കിവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. ജന്മനാ ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിനായി ആന്ത്രോപോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ മേഖലാ ഓഫീസ് അട്ടപ്പാടിയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സഭയെ അറിയിച്ചു.

14(*153) സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, കേരളത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതിനും ഡിജിറ്റൽ/ഐ.ടി. പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുമായി ഐ.ടി/വാർത്താവിനിമയ രംഗത്തെ സുപ്രധാന വ്യക്തികളെ ഉൾപ്പെടുത്തി ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ടെന്നും സർക്കാർ സേവനങ്ങൾ ഓൺലൈനായും മൊബൈൽ മുഖേനയും ലഭ്യമാക്കുന്നതിന് ഇ-ഡിസ്ട്രിക്ട്, സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ, എം.-കേരളം മുതലായ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. പ്രസ്തുത സേവനങ്ങൾ സാധാരണക്കാരിലെത്തിക്കുന്നതിന് ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിനായി കെ-ഫോൺ, പബ്ലിക് വൈഫൈ മുതലായ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. കെ-ഫോൺ പദ്ധതി പ്രകാരം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യമായും മറ്റുള്ളവർക്ക് കുറഞ്ഞ നിരക്കിലും അതിവേഗ ഇന്റർനെറ്റ് സേവനം ലഭ്യമാക്കി ഡിജിറ്റൽ വേർതിരിവും വിജ്ഞാന പാർശ്വവൽക്കരണവും ഇല്ലാതാക്കാനും സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇടതടവില്ലാതെ

ഈ സേവനം ലഭ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി 'കെ-ഫോൺ ലിമിറ്റഡ് ' എന്ന പേരിൽ ജോയിന്റ് വെൻച്വർ കമ്പനി രൂപീകരിച്ചിട്ടുണ്ടെന്നും ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ഐ.ടി. വികസനത്തിന് പശ്ചാത്തല സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും സംരംഭകർക്ക് ആവശ്യമായ ഭൂമി, കെട്ടിടങ്ങൾ, ഫർണീഷ് ചെയ്ത ഓഫീസ് തുടങ്ങിയവ സജ്ജീകരിക്കുന്നതോടൊപ്പം ഐ.ടി. വ്യവസായ മേഖലകളിലേയ്ക്ക് വ്യോമഗതാഗതവും മികച്ച ഇന്റർനെറ്റ് കണക്ടിവിറ്റിയും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഐ.ടി. പാർക്കുകളിൽ വിവിധ ഘട്ടങ്ങളിലായി ഏകദേശം 86.33 ലക്ഷം ചതുരശ്ര അടിയിലുള്ള സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ടെക്നോസിറ്റിയിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള ഐ.ടി. ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിക്കുകയുമാണ്. ഡിജിറ്റൽ പശ്ചാത്തലം ശക്തവും കാര്യക്ഷമവുമാക്കുന്നതിനായി രണ്ട് ഡാറ്റാ സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും സംസ്ഥാന സർക്കാരിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും വെബ്സൈറ്റുകളും ആപ്ലിക്കേഷനുകളും ഹോസ്റ്റ്

ചെയ്യുകയും അവയുടെ നിർണ്ണായക വിവരങ്ങൾ ശേഖരിക്കുകയുമാണ് ഇതിന്റെ കർത്തവ്യമെന്നും കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (KSWAN) വഴി സംസ്ഥാനത്തെ സർക്കാർ ഓഫീസുകളെ ഒരേ നെറ്റ്‌വർക്കിൽ ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണെന്നും ലോകോത്തര ഐ.ടി സ്ഥാപനങ്ങളെ ആകർഷിക്കുന്നതിനായി സാങ്കേതിക-വ്യാവസായിക മേഖലകളിലെ പ്രഗത്ഭരെ ഉൾപ്പെടുത്തി രൂപീകരിച്ച ഹൈപവർ കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള ഹാഷ് ഫ്യൂച്ചറും ഗ്ലോബൽ കണക്ട് മീറ്റിംഗുകളും വഴി പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ദേശീയ-അന്തർദ്ദേശീയ കമ്പനികൾ താൽപര്യം പ്രകടിപ്പിക്കുകയും നിസ്സാൻ, ടെറാനെറ്റ്, എച്ച് & ആർ. ബ്ലോക്ക് തുടങ്ങിയവ പ്രാരംഭഘട്ട പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്തിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പരമ്പരാഗത വ്യവസായ മേഖലയുടെ ആധുനികവത്കരണത്തിനുവേണ്ടി ഐ.ടി. അനുബന്ധ മേഖലയിലെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും കോകോണിക്സ് ലാപ്ടോപിന്റെ നിർമ്മാണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു. കേരള നിയമസഭയെ രാജ്യത്തെ

ആദ്യത്തെ ഇ-വിധാൻസഭയാക്കി മാറ്റുന്നതിനുള്ള ഡി.പി.ആർ. കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1866 മുതൽ 2251 വരെയുള്ള ചോദ്യങ്ങളിൽ 66 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)